Tom Jose
Chief Secretary

Government of Kerala
Secretariat
Thiruvananthapuram-695 001

നം.69/സി.എസ്./2018

തീയതി: 15.09.2018

കുറിപ്പ്

2018 ആഗസ്ത് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ സാമ്യതകളില്ലാത്ത ദുരിതത്തിൽ അകപ്പെട്ട കേരളത്തിലെ ജനങ്ങളുടെ ജീവിതം പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ CMDRF-ലേക്ക് വിഭവസമാഹരണം നടത്തുവാൻ ആരംഭിച്ചത്. എന്നാൽ, ചില വകുപ്പുകളിലെങ്കിലും, ജീവനക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും CMDRF-ലേക്ക് നിർബന്ധിതമായി പിരിവ് നടത്തുന്നു എന്ന പരാതി ഉയർന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സമീപനം സദുദ്ദേശ്യത്തോടെ ആരംഭിച്ച സർക്കാർ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതാണ് എന്ന് വിലയിരുത്തപ്പെടുന്നു.

പൂർണ്ണമായി സ്വമേധയാ നൽകുന്ന പണമാണ് ഈ ആവശ്യത്തിനായി സ്വരൂപിക്കേണ്ടത്. ആയതിനാൽ, CMDRF-ലേക്ക് ഏതൊരു രീതിയിലുമുള്ള നിർബന്ധിത പിരിവും പാടുള്ളതല്ല. ഇക്കാര്യം എല്ലാ വകുപ്പദ്ധ്യക്ഷന്മാരും ജില്ലാ കളക്റ്റർമാരും ഉറപ്പാക്കേണ്ടതും ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

Circulate to all

Tom Jose
ടോം ജോസ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർമാർക്കും / സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും.